# സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ - കുടുംബശ്രീ
# എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടിക്രമം

(ഹാജർ:- ശ്രീ. എസ്. ഹരികിഷോർ ഐഎഎസ്)

വിഷയം: കുടുംബശ്രീ - ദേശീയ നഗര ഉപജീവന മിഷൻ പദ്ധതി – സെൽഫ് എംപ്ലോയ്മെന്റ് പ്രോഗ്രാം - സംരംഭകത്വ വികസന പരിശീലനം സംഘടിപ്പിക്കുന്നതിന് - തുക അനുവദിച്ച് ഉത്തരവാകുന്നത് -സംബന്ധിച്ച്

പരാമർശം: 1. 30/06/2018-ലെ പൊന്നാനി നഗരസഭാ സെക്രട്ടറിയുടെ H2 22346/16 നമ്പർ കത്ത്

2. 09/07/2018-ലെ വടകര നഗരസഭാ സെക്രട്ടറിയുടെ KS-20229/17 നമ്പർ കത്ത്

3. 30/07/2018-ലെ മട്ടന്നൂർ നഗരസഭാ സെക്രട്ടറിയുടെ H1/21361/16/NULM നമ്പർ കത്ത്

***NULM 010 ഉത്തരവ് നമ്പർ 9153/F/2015/KSHO തീയതി 04..09..2018***

ദേശീയ നഗര ഉപജീവന മിഷന്റെ സ്വയംതൊഴിൽ ഘടക പദ്ധതി പ്രകാരം നഗര ദരിദ്രർക്ക് അവരെ സ്വയംപര്യാപ്തമാക്കുന്നതിലേയ്ക്കായി തങ്ങളുടെ സാഹചര്യങ്ങൾക്കും അഭിരുചിക്കും, നൈപുണ്യങ്ങൾക്കും അനുസരിച്ചുള്ള തൊഴിൽ പരിശീലനം നൽകുന്നതിനും മെച്ചപ്പെട്ട സ്വയം തൊഴിൽ സംരംഭങ്ങൾ/ ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിനും ധനസഹായം നൽകുന്നതിനും വ്യവസ്ഥ ചെയ്യുന്നു.

നൈപുണ്യ പരിശീലന പരിപാടികൾക്ക് പുറമെ വ്യക്തികൾക്കും, കൂട്ടു സംരംഭകർക്കും 3-7 ദിവസത്തെ സംരംഭകത്വ വികസന പരിപാടി നഗരസഭകൾ സംഘടിപ്പിക്കുന്നതിനും; ഒരു സംരംഭത്തിന്റെ നടത്തിപ്പ്, അക്കൗണ്ടിംഗ്, സാമ്പത്തിക നിർവ്വഹണം, വിപണനം, നിയമപരമായ നടപടിക്രമങ്ങൾ, വിലനിശ്ചയിക്കൽ, വരുമാന വിശകലനം തുടങ്ങിയ അടിസ്ഥാന വിഷയങ്ങളിൽ പരിശീലനം നൽകുന്നതിനും പദ്ധതി പ്രാധാന്യം നൽകുന്നു. കൂടാതെ കൂട്ടു സംരംഭകർക്കായി സംഘബലതന്ത്രം, തൊഴിൽ വിഭജനം, ലാഭം വീതം വയ്ക്കൽ എന്നീ വിഷയങ്ങളിലും പരിശീലനം നൽകുന്നു.

ഇപ്രകാരം പരാമർശം (1) മുതൽ (3) വരെയുള്ള നഗരസഭകൾ തങ്ങളുടെ നഗരസഭയിൽപ്പെട്ട സ്വയംതൊഴിൽ സംരംഭകർക്ക് സംരംഭകത്വ പരിശീലനം നടത്തുന്നതിനുള്ള പ്രൊപ്പോസൽ ബഡ്ജറ്റ് സഹിതം സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് ആവശ്യമായ ഭേദഗതി വരുത്തി സംസ്ഥാ മിഷനിൽ നിന്നും തുക അനുവദിച്ച് ഉത്തരവാകുന്നു. പരിശീലനം സംഘടിപ്പിക്കുന്നതിലേയ്ക്കായി നഗര സഭയുടെ അധീനതയിൽ പ്രവർത്തിക്കുന്ന/നഗരസഭയിൽ നിലവിലുള്ള കമ്മ്യൂ

ണിറ്റി ഹാളുകൾ, കല്യാണ മണ്ഡപങ്ങൾ, സ്കൂളുകൾ, മറ്റ് കെട്ടിടങ്ങൾ, ആരാധനാലയങ്ങളോട് ചേർന്നുള്ള ഹാളുകൾ എന്നിവ വിനിയോഗിക്കേണ്ടതാണ്. ആയവ സൗജന്യമായി ലഭ്യമാക്കുന്നതിനുള്ള അപേക്ഷ നഗരസഭാ സെക്രട്ടറി ബന്ധപ്പെട്ടവർക്ക് രേഖാമൂലം നൽകേണ്ടതാണ്.

അംഗീകരിച്ച ബഡ്ജറ്റ് ചുവടെ ചേർക്കുന്നു.

| ക്രമ നം. | നഗരസഭയുടെ പേര് | പരിശീലനം നൽകുന്ന ഏജൻസി | പരിശീലനാർത്ഥികളുടെ എണ്ണം | പരിശീലന ദിവസങ്ങളുടെ എണ്ണം | ബാച്ചുകളുടെ എണ്ണം | അനുവദിക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|---|---|---|
| 1. | പൊന്നാനി | MEC | 35 | 5 | 1 | 43050 | Budget Revised |
| 2. | വടകര | RSETI | 60 | 10 | 1 | 56500 | ഹാൾ നഗരസഭയ്ക്ക് ലഭ്യമായവ ഉപയോഗിക്കേണ്ടതാണ്. |
| 3. | മട്ടന്നൂർ | MEC | 60 | 4 | 1 | 48350 | Budget Revised |
| **Total** | | | 155 | 19 | 3 | 147900 | |
| (ഒരു ലക്ഷത്തി നാല്പത്തിയേഴായിരത്തി തൊള്ളായിരം രൂപ മാത്രം) | | | | | | | |

പ്രസ്തുത ചെലവ് NULM ന്റെ ഇഎസ്റ്റി& പി ശീർഷകത്തിൽ ഇഡിപി ട്രെയിനിംഗ് പ്രോഗ്രാം എന്ന ശീർഷകത്തിൽ (2.2) വകയിരുത്തേണ്ടതാണ്. പരിശീലനം പൂർത്തിയാക്കുന്ന മുറയ്ക്ക് ധനവിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ്.

(ഒപ്പ്)
**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**

To

1. അക്കൗണ്ട്സ് സെക്ഷൻ - തുക അനുവദിക്കുന്നതിന്
2. ബന്ധപ്പെട്ട നഗരസഭാ സെക്രട്ടറിമാർ

പകർപ്പ്

1. ബന്ധപ്പെട്ട ജില്ല മിഷൻ കോ-ഓർഡിനേറ്റർമാർ
2. ബന്ധപ്പെട്ട സിറ്റി പ്രോജക്ട് ഓഫീസർമാർ
3. ബന്ധപ്പെട്ട സിറ്റി മിഷൻ മാനേജർമാർ
4. കരുതൽ / അധികം

**ഉത്തരവിൻപ്രകാരം,**

**അക്കൗണ്ട്സ് ഓഫീസർ**

| ക്രമ നം. | നഗരസഭ | ഘടകം/തുക | | | | | | | | അക്കൗണ്ട്സ് വിവരം |
|---|---|---|---|---|---|---|---|---|---|---|
| | | സ്റ്റേഷനറി (നോട്ട് ബുക്ക്, പേന, ട്രെയനിംഗ് മെറ്റിരിയൽ) | ഭക്ഷണം | പി.എ. സിസ്റ്റം, എൽസിഡി, പ്രോജക്ടർ | ഫാക്കൽറ്റി ഓണറേറിയം /+TA | ബാനർ | ഫോട്ടോ ഡോക്യുമെന്റേഷൻ | മറ്റിനങ്ങൾ | ആകെ | |
| 1. | പൊന്നാനി | 2800 | 24000 | 7500 | 7500 | 500 | 750 | | 43050 | NO-260001000286,Secretary , ponnani municopality, NULM, ICICI , Ponnani Branch, Ifsc-ICIC0002600 |
| 2. | വടകര | 6000 | 42000 | 0 | 8500 | 0 | 0 | 0 | 56500 | 4256000100672360, Secretary Wadakara municipality NULM, PNB vatakara, PUNB0425600 |
| 3. | മട്ടന്നൂർ | 3600 | 24000 | 6000 | 13600 | 400 | 750 | 0 | 48350 | 42562200041333,Secretary and CPO NULM project, Syndicate bank, mattanor, SYNB0004256 |
| TOTAL | | | | | | | | | 147900 | |

(ഒപ്പ്)
എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ